# ഇസ്‌ലാമികപ്രചരണം മലയാള സാഹിത്യത്തിൽ

പി.എ. സെയ്തുമുഹമ്മദ്

**മതവും** സാഹിത്യവും തമ്മിലുള്ള ബന്ധം അതീവ ഗാഢവും അവ്യതിരിക്തവുമാണ്. രണ്ടും മസ്തിഷ്കത്തേക്കാൾ പ്രാധാന്യം നൽകുന്നത് ഹൃദയത്തിന്നാണ്. അവ്യാഖ്യേയമായ ആന്തരികാനുഭൂതിയാണ് മതവിശ്വാസിയുടെയും സാഹിത്യകാരന്റെയും ജീവിതവ്യാപാരത്തെ നിയന്ത്രിക്കുകയും പവിത്രമാക്കുകയും ചെയ്യുന്നത്. ആത്മീയമായ ഈ സുദൃഢബന്ധംകൊണ്ടാണ് മതമൂല്യങ്ങൾ മാനവഹൃദയങ്ങളിലേക്ക് പകരുന്ന ശക്തമായ മാധ്യമമായി സാഹിത്യകൃതികൾ വർത്തിക്കുന്നത്. ലോകത്തിലുണ്ടായിട്ടുള്ള മതപരമായ പല ഗ്രന്ഥങ്ങൾക്കും സാഹിത്യപരമായ പ്രാധാന്യമുള്ളതും അതുകൊണ്ടത്രെ. വിശുദ്ധ ഖുർആനും, ബൈബിളും, ഗീതയും, ഋഗ്വേദവുമെല്ലാം തന്നെ കനപ്പെട്ട സാഹിതീ മൂല്യമുള്ള ഗ്രന്ഥങ്ങളായിട്ടാണ് കരുതപ്പെടുന്നത്. വിശുദ്ധ ഖുർആന് സദൃശമായ ഒരു ഗ്രന്ഥം രചിക്കുവാൻ ഒരു സാഹിത്യകാരനും സാധിച്ചിരുന്നില്ല. വിശുദ്ധഖുർആന്റെ സാഹിത്യപരമായ ശ്രേഷ്ഠതയാണിത് തെളിയിക്കുന്നത്.

മനുഷ്യഹൃദയങ്ങളെ സ്വാധീനിക്കുകയും പവിത്രമാക്കുകയും ചെയ്യുന്നതിനുള്ള സാഹിത്യത്തിന്റെയും ഭാഷയുടെയും കഴിവുകൾ, ആദ്ധ്യാത്മിക മണ്ഡലത്തിൽ പ്രയോജനകരമായി പ്രയോഗിക്കപ്പെട്ടപ്പോൾ സാഹിത്യത്തിനും മതത്തിനും പ്രധാനപ്പെട്ട വിശിഷ്ട കൃതികളുണ്ടായി. നല്ല ജീവിതത്തിനുവേണ്ടിയുള്ള ഉൽക്കടമായ അഭിവാഞ്ഛയാണ് ആദ്ധ്യാത്മിക സാഹിത്യകൃതികളിൽ ഒരിക്കലും അവസാനിക്കാത്ത യുവത്വത്തോടെ തളിരിട്ടു നിൽക്കുന്നത്. വിജ്ഞാനത്തിനും വെളിച്ചത്തിനും അമരത്വത്തിനും വേണ്ടിയുള്ള ദാഹം പ്രതിഫലിക്കുന്ന ഉപനിഷത് വാചകം നോക്കുക:

> അന്യതോ മാ:സദ്ഗമയാ
> തമസോ മാ:ജ്യോതിർഗമയാ
> മൃത്യോ മാ: അമൃതംഗമയാ

സെമിറ്റിക് ഭാഷാ ഗോത്രങ്ങളുടെ സാഹിത്യ ചരിത്രം ആദ്യന്തം പൂർവ്വകാല അറബികളുടെ സമൂഹചിന്തയെ പകർത്തിയെടുത്തതിന് യൂഫ്രട്ടീസും ടൈഗ്രീസും അതിനെ സംബന്ധിച്ച പഠനവും തെളിവു നൽകുന്നു. മതത്തിന്റെ ഈടുറ്റ സന്ദേശം ചിന്തകന്മാരുടെ ഹൃദയത്തെ വശീകരിച്ചിട്ടുള്ളത് അതിന്റെ സാഹിതീ മൂല്യങ്ങൾകൊണ്ടാണെന്ന് വിക്ടോറിയൻ കാലഘട്ടത്തിലെ മതാദർശ ഖണ്ഡന മണ്ഡനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. കോടിക്കണക്കിനു മനുഷ്യരുടെ വാചാരഭാവം കലർന്ന രൂപങ്ങൾ കണ്ണാടിയിലെന്നതുപോലെ ഋഗ്വേദത്തിൽ ദർശിക്കാം. നരവംശ ശാസ്ത്ര പഠനത്തിൽ ശ്രദ്ധിക്കുന്നവർക്ക് മതഗ്രന്ഥങ്ങളിൽനിന്ന് പലതും മനസ്സിലാക്കാനുണ്ട്. തപോധനനായ വാത്മീകിയുടെ രാമായണവും ധർമ്മജ്ഞനായ വ്യാസന്റെ ഭാരതവും മതസാഹിത്യശാഖയിലെ ധന്യചഷകങ്ങളാണ്. ബ്രഹ്മമെന്ന പൂർണ്ണതയുടെ അനന്തമായ ആദർശവും അനശ്വരമായ ഏകത്വ രഹസ്യവും ഭാരതീയ പുരാണങ്ങളുടെ മതപരമായ വിചാരഗതിയെ ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയുടെ കഴിഞ്ഞകാല സാംസ്കാരിക പ്രതിഭാസം ഭാവോജ്വലമായി പ്രഖ്യാപനം ചെയ്യുന്ന ഋഗ്വേദത്തിലെ അന്ത്യസൂക്തം ലോകമതങ്ങളുടെ ആത്മജ്യോതിസ്സിനെ പ്രകാശിപ്പിക്കുന്നതാണ്.

"നിങ്ങളുടെ ഉദ്ദേശ്യം പൊതുവായിരിക്കട്ടെ. നിങ്ങളുടെ ഹൃദയങ്ങൾ പൊതുവായിത്തീരട്ടെ. ഏത് വിധത്തിലായാലും നിങ്ങളെന്നും സുഖപ്രദമായ പരസ്പര സഹായത്തിലിരിക്കുമോ ആ വിധത്തിൽ നിങ്ങളുടെ മനസ്സ് പൊതുവായിരിക്കട്ടെ."

ഇതേ അർഥ വ്യാപ്തിയുള്ള പ്രാർഥനകൾ തന്നെ മറ്റു മതഗ്രന്ഥങ്ങളിലും കാണാം. ഭാരതീയ സാഹിത്യത്തിൽ വേരുറച്ചു നിൽക്കാൻ മതാവിഷ്കരണ സിദ്ധാന്തങ്ങൾക്ക് കഴിയുന്നതുപോലെ മറ്റെല്ലാ മൂല്യങ്ങൾക്കും അതിന്റെ മാതൃഭാഷയിൽ ഉറച്ചു നിൽക്കാൻ കഴിയുന്നുണ്ട്.

യഹൂദമതവും കൺഫ്യൂഷിയനിസവും ക്രൈസ്തവമതവും സാഹിത്യത്തിൽ ചെലുത്തിയ സ്വാധീനത അളന്ന് തിട്ടപ്പെടുത്താനാവാത്തതാണ്. മതങ്ങളിലെ ധാർമ്മിക പ്രാധാന്യത പ്രചരിപ്പിക്കുന്നതിന് ഇംഗ്ലീഷ്, ഫ്രഞ്ച്, ലാറ്റിൻ

ഭാഷകളിൽ സാഹിത്യസൃഷ്ടികളുണ്ടായി. മത പശ്ചാത്തലത്തിൽ വളർന്നുവന്ന സാഹിത്യ സൃഷ്ടികൾ മനുഷ്യവർഗത്തിന്റെ ധാർമ്മിക പ്രവർത്തനങ്ങൾക്ക് പ്രചോദനമേകി. ഹെർബർട്ട്മെൽ, ഡീഗേ, ടോൾസ്റ്റോയി, ക്രിസ്റ്റോഫ്, ഗേയ്ഥെ തുടങ്ങിയവരെല്ലാം മതത്തിലെ മൂല്യങ്ങൾ വിലയിരുത്തി, മനുഷ്യരെ നന്മയുടെ ഭാഗത്തേക്ക് ആനയിച്ചവരാണ്. പ്യൂരിറ്റാനിസവും, ഫ്യൂഡലിസവും സോഷ്യലിസവും സിയോണിസവും മതപരമായ സംവാദസാഹിത്യത്തിലൂടെയാണ് ജനങ്ങളെ ആകർഷിച്ചത്. യുക്തിസഹജമായ നിരൂപണം നടത്തിയ പ്രശസ്ത ചിന്തകന്മാരും സാഹിത്യകാരന്മാരും മതപ്രമാണങ്ങളെ സ്വതസിദ്ധമായ ഭാവനകൊണ്ടലങ്കരിച്ചവരാണ്.

അറബി സാഹിത്യം അനന്തമായ ഒരു കടൽപേലെ വൈവിധ്യ വസ്തുക്കളുടെ ഭണ്ഡാരമായി സ്ഥിതിചെയ്യുന്നു. എട്ടാം നൂറ്റാണ്ട് മുതൽ 13-ാം നൂറ്റാണ്ടു വരെയുള്ള അറബി സാഹിത്യ ചരിത്രത്തിൽ മതകൃതികൾക്കുള്ള സ്ഥാനം മികച്ചതാണ്. കാവ്യങ്ങളായി പ്രതിപാദിക്കപ്പെട്ടിട്ടുള്ള പ്രവാചക ചരിത്രം എണ്ണമറ്റതത്രെ. സുമേരുക്കളെപ്പോലെ പ്രകൃതി വസ്തുക്കളെ ആരാധിച്ചിരുന്ന അറബികളുടെ പൂർവ്വകാല സാംസ്കാരത്തെപ്പറ്റി പഠനം നടത്തിയ ഗവേഷകർ ഹൂദ് നബിയുടെ കാലത്ത് യമനിലാണ് അക്ഷരവിദ്യ വരമൊഴി രൂപത്തിൽ ഉൽഭവിച്ചതെന്ന് സമർത്ഥിക്കുന്നു. തദനന്തരം രൂപഭേദം വന്ന മസ്നദ്, ജസം, കൂഫി എന്നീ അക്ഷരമാലകളുടെ സാഹിത്യചരിത്രം മതപരമായ സാഹിത്യചരിത്രത്തിന്റെ ഭാഗമാണ്. കൂഫി ലിപി സമ്പ്രദായം ആവിഷ്കരിച്ച ശേഷം ഇന്നത്തെ അറബി ലിപി രൂപം വരെയുള്ള ചരിത്രം പരിശോധിച്ചാൽ വിശുദ്ധഖുർആൻ കഴിഞ്ഞ നൂറ്റാണ്ടുകളിൽ വിശ്വപ്രസിദ്ധമായ പല സാഹിത്യകാരന്മാർക്കും പ്രചോദനം നൽകിയതായി കാണാവുന്നതാണ്. സാരസസംസ്കാരത്തിന്റെ വിശാലമായ പാതയിലൂടെ നടന്നു പോന്ന അറബിസാഹിത്യം പ്രവാചകന്റെ കാലഘട്ടത്തിലെത്തിയപ്പോൾ ഒരു സുവർണ്ണ യുഗം തന്നെ ഉദ്ഘാടനം ചെയ്തു. നിരീക്ഷണം, അനുഭവം എന്നിവയെ കണക്കിലെടുത്തുകൊണ്ടുള്ള വിജ്ഞാനത്തിന്റെ സ്വീകാര്യ സമ്പ്രദായത്തെ വുശുദ്ധഖുർആൻ എടുത്തുകാണിക്കുന്നു. ജ്ഞാന സമ്പാദനം ഒരു നിർബന്ധ കർമ്മമായി തന്നെ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഇസ്ലാം മതപ്രവാചകം സാഹിത്യത്തിൽ മായാത്ത ബുദ്ധി മുദ്രയാണ് പതിപ്പിച്ചിട്ടുള്ളത്.

അബ്ബാസിയാ ഖലീഫയായിരുന്ന അൽ മൻസൂർ സാഹിത്യ സമ്പുഷ്ടമായ ഒരു കാലഘട്ടം തന്നെ സൃഷ്ടിച്ച വിശ്വ പ്രസിദ്ധനാണ്. യൂക്ലിഡിന്റെ ഗണിതശാസ്ത്രവും, ടോളമിയുടെ ഭൂമിശാസ്ത്രവും ഹോമറിന്റെ ഇലിയഡും അക്കാലത്തെ പരിഭാഷകളിൽപെടുന്നു. ഖലീഫ അൽമാമൂനാണെങ്കിൽ അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ടോളമി, ക്രേറ്റ്സ്, ഗാലൻ, യൂക്ലിഡ് എന്നീ പ്രതിഭാസമ്പന്നരുടെ സാഹിത്യമൂല്യപ്രധാനങ്ങളായ എല്ലാ കൃതികളും അറബിഭാഷയിലേക്ക് പരിഭാഷപ്പെടുത്തുവാൻ പ്രചോദനം നൽകി. അർറശീദിയ്യാ, അമാനിയ്യാ, തൽകാനിയ്യാ, ഖാത്തുനിയ്യാ, റാലബിയ്യാ, നാസരിയ്യാ, സലാഹിയ്യാ തുടങ്ങിയ കലാശാലകളിൽ സാഹിത്യം ഐഛിക വിഷയമായി പരിഗണിക്കപ്പെട്ടു. "ഗ്രന്ഥങ്ങളുടെ ലോകം" സൃഷ്ടിച്ച കെയിറോവിലെ ബൈത്തുൽ ഹിക്മത്തും, ഷിറാസിലെ "വസീനത്തുൽ ഖുത്തുബും" പണ്ഡിതന്മാരെ രംഗത്തിറക്കിയിരുന്ന വിജ്ഞാന സങ്കേതങ്ങളായിരുന്നു. ശാസ്ത്ര ശാഖകളിലെന്നപോലെ സാഹിത്യ പോഷണത്തിൽ 8-ാം നൂറ്റാണ്ടുമുതൽ 13-ാം നൂറ്റാണ്ടു വരെ ഇസ്ലാം ചെലുത്തിയിരുന്നത്ര സ്വാധീനത ലോകചരിത്രത്തിൽ മറ്റൊരു സാമ്രാജ്യവും ചെലുത്തിയില്ല. പ്രവാചകനെ സംബന്ധിക്കുന്ന ഏഴായിരത്തോളം കൃതികൾ വിവിധ ഭാഷകളിലുണ്ടായത് അക്കാലത്താണ്. കാലം പിന്നിട്ടപ്പോൾ ഭരണാധികാരികൾ സുഖലോലുപന്മാരായിത്തീരുകയും കേവലം പാരമ്പര്യ പദവിയിൽ കയറി രാജ്യഭരണമേറ്റ് അധഃപതനത്തിന്റെ വക്താക്കളായി മാറുകയും ചെയ്തു. സ്വന്തം മതവ്യാഖ്യാനങ്ങൾക്കൂടി നടത്തിത്തുടങ്ങിയപ്പോൾ, മത മഹത്വം ഉൾക്കൊള്ളുന്ന ഹൃദയങ്ങൾക്ക് വികസിക്കാൻ കഴിവില്ലാതായി. 13-ാം നൂറ്റാണ്ടിനു ശേഷമുള്ള സ്പെയിനിന്റെയും മധ്യപൗരസ്ത്യ രാജ്യങ്ങളുടെയും ഒഴുക്കിന്റെ ഗതിനോക്കിയാലത് വ്യക്തമാകും. ഇരുണ്ട നൂറ്റാണ്ടുകളിലൂടെ ഇഴഞ്ഞുനീങ്ങിയ ജനതയെന്ന് ആ കാലങ്ങളിലെ ഭരണാധികാരികളെ ആർണോൾഡ്ടോയൻബി വിശേഷിപ്പിക്കുന്നു. സാമൂഹ്യ സംവിധാനത്തിലെ എല്ലാ പാകപ്പിഴകളും മുസ്ലിം ജനതയെ ഏറെക്കുറെ വഴിതെളിച്ചുവെന്ന ധാരണ മുഴുവൻ തെറ്റായിഗണിക്കരുത് . മതപ്രചാരണത്തിന് തയ്യാറാവുന്നവർ, ഇസ്ലാമിന്റെ സുവർണ കാലത്ത്, അറബി കൂടാതെ ഒന്നിലധികം ഭാഷകൾ പഠിച്ചിരുന്നു. പ്രശസ്ത ഭാഷകളിലെ വേദങ്ങളും സാഹിത്യ സൃഷ്ടികളും സമഗ്ര പഠനത്തിനായി ഉപയോഗപ്പെടുത്തിയിരുന്നു. തകർന്ന സാമ്പത്തിക ഘടനയുടെ കീഴിൽ ജീവിക്കേണ്ടി വന്ന മതപ്രബോധകരുടെ ലോകം പല തുകൊണ്ടും ഇടുങ്ങിയതായിത്തീർന്നു. സമ്പന്നവർഗത്തിന്റെ ആജ്ഞക്ക് വിധേയമായി പല വ്യാഖ്യാനങ്ങളും നടത്തേണ്ടി വന്ന നിർഭാഗ്യം അവരിൽ ചിലരെ പിടികൂടി. നഷ്ട സൗഭാഗ്യത്തിന്റെ കഥകളും അന്തർമുഖമായ ഏകാഭിപ്രായങ്ങളും മറ്റും സാഹിത്യകൃതികൾ പരിചയപ്പെടുന്നതിൽനിന്ന് അവരിൽ പലരേയും തടഞ്ഞു. മാതൃഭാഷയിൽ മതപ്രചരണം നിർവഹിക്കാൻ തയ്യാറാകുമ്പോൾ ആ ഭാഷയിലെ എല്ലാ സുന്ദര വശങ്ങളും പരിചയപ്പെട്ടിരിക്കണം, മതമൂല്യങ്ങൾ സമ്പുഷ്ടമായ സാഹിത്യത്തിലാണ് പകർന്നുവെക്കുന്നതെങ്കിൽ അത് ഈടുള്ള സാംസ്കാര സമ്പത്തുകൂടിയാകും.

മലയാള സാഹിത്യത്തിന് കനപ്പെട്ട ഒരു ആധ്യാത്മിക ശാഖയുണ്ടെങ്കിലും അതിൽ ഇസ്ലാമിക കൃതികളുടെ സംഭാവനകൾ അത്ര അഭിമാനകരമാണെന്ന് തോന്നുന്നില്ല. വിശുദ്ധഖുർആന് സമ്പൂർണമായ ഒരു പരിഭാഷയുണ്ടായത് അടുത്തകാലത്ത് മാത്രമാണ്. ഇത് പോലെ തന്നെ ഹദീസ് സാഹിത്യവും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടുതുടങ്ങിയിട്ടേയുള്ളൂ. പ്രാദേശിക ഭാഷയോടുള്ള പൂർവ്വികന്മാരുടെ അവജ്ഞാനിർഭരമായ സമീപനമാണ്, മലയാളത്തിൽ ഇസ്ലാമിക സാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് വിഘ്നം സൃഷ്ടിച്ചത്. മറ്റു മതവിശ്വാസികൾ പ്രാദേശിക ഭാഷയും സാഹിത്യവും കീഴടക്കുകയും തങ്ങളുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തപ്പോൾ മുസ്ലിംകൾ ഒരു പ്രത്യേക ലിപിയും ഭാഷയും നിർമിച്ച് ഒരു സങ്കുചിത വൃത്തത്തിൽ ഒത്തുകൂടി. വികലമായ ഭാഷയിലുള്ള ബോധനങ്ങൾ മുസ്ലിംകളെ അപഹാസ്യരാക്കിത്തീർത്തു. ആ നിലക്ക് ഇന്ന് മാറ്റമുണ്ടായിത്തുടങ്ങിയിട്ടുണ്ടെന്നത് ആശാവഹമാണ്. മലയാള സാഹിത്യത്തിൽ ഇസ്ലാമികാശയങ്ങളെ ഭാവ സുന്ദരമായി ആലേഖനം ചെയ്യാൻ മുസ്ലിംകൾ താല്പര്യം കാണിക്കാതിരുന്നപ്പോൾ മഹാകവി

വള്ളത്തോളിനെപ്പോലുള്ളവർ അവരുടെ പരിമിതമായ പരിജ്ഞാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ചില നവ ചിത്രങ്ങൾ വരച്ചുവെക്കുകയുണ്ടായി. കാവ്യപ്രചോദിതമായ ആ പ്രവർത്തനങ്ങൾ ഒരു പരിധി വരെ ആസ്വാദ്യവുമാണ്. പക്ഷെ, മുസ്‌ലിം സമുദായത്തിന്റെ ഉജ്ജീവനം ഉൾക്കൊള്ളുന്ന മിഷനറി സ്പിരിറ്റോടുകൂടിയ സാഹിത്യപ്രവർത്തനം ഒരു കാലഘട്ടത്തിൽ ഏറെക്കുറെ നടന്നിട്ടില്ലെന്നു പറയുന്നില്ല. അറബി-മലയാള മേഖലയിൽ വ്യാപകമായി, കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ പ്രചരിച്ച രസനിഷ്യന്ദികളായ സാഹിത്യകൃതികൾ മാനസികോല്ലാസത്തിന് പ്രേരണ നൽകിയിട്ടുണ്ട്. വീരകഥകളും വീരാപദാന വർണ്ണനകളും യുദ്ധേതിഹാസങ്ങളും അതിൽ സുലഭമാണ്. ഒരു വിഭാഗം ജനതക്ക് അത് ഉത്തേജനം നൽകിയിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ സാമൂഹിക സേവനാർഥം രൂപവല്കരിക്കപ്പെട്ട, മഊനത്തുൽ ഇസ്‌ലാം സഭപോലുള്ള ചില പ്രസ്ഥാനങ്ങളും അത് സംബന്ധിച്ച പ്രവർത്തന രീതികളും മലയാള ഭാഷയിലൂടെ പുറത്തു വന്നപ്പോൾ ചില ചലനങ്ങളെല്ലാം ദൃശ്യമായി. അതിന് മുമ്പും പിമ്പും നടന്നിട്ടുള്ള മതപരമായ ജ്ഞാന വിജ്ഞാന പ്രചരണ സങ്കേതങ്ങൾ അൽപാൽപം മിഷനറി സ്പിരിറ്റോടെ പ്രവർത്തിച്ചിരുന്നു. "ഖിബ്‌ല തർക്കം" പോലുള്ളവ, തികച്ചും മതവിജ്ഞാന മണ്ഡലത്തിൽ അക്കാലത്തെ സാമൂഹ്യസ്ഥിതിയനുസരിച്ച് ജനത്തിൽ ഇളക്കം സൃഷ്ടിച്ച സംവാദങ്ങളായിരുന്നു. പ്രശസ്തരായ മതപണ്ഡിതന്മാരുടെ ഫത്‌വകളും വ്യാഖ്യാനങ്ങളും മുസ്‌ലിം സമുദായത്തിന്റേതായ മിഷനറി സാഹിത്യത്തിലുൾപ്പെടുന്നു. 1884-നോടടുത്തുള്ള കാലത്ത് ആരംഭിച്ച 'മലബാരി' എന്ന പത്രം ഈ രംഗത്ത് ചലനമുണ്ടാക്കിയിട്ടുണ്ട്. പഴയ കൊച്ചിയിലും തിരുവിതാംകൂറിലും മതപരമായ മിഷനറി പ്രചരണത്തിൽ ഉജ്വലമായ രണാരവം സൃഷ്ടിച്ചത് സനാവുല്ല മക്തി തങ്ങളാണ്. മക്തി തങ്ങൾ, സഹോദര മതങ്ങളുമായി ഇസ്‌ലാമികാശയങ്ങളെ താരതമ്യപഠനം നടത്തി വിമർശന വീര്യത്തോടെ ലഘുലേഖകളെഴുതുകയും പ്രസംഗിക്കുകയും ചെയ്ത ഒരു പരിഷ്കർത്താവായിരുന്നു. അദ്ദേഹത്തിന്റെ "പാർക്കലിത്താ പോർക്കളം" , "മക്തി മനഃക്ലേശം" തുടങ്ങിയ നിരവധി ലഘുലേഖകൾ കൊടുങ്കാറ്റിനു തുല്യം ജനങ്ങളിൽ ഒരു പുതിയ ശക്തി പകർന്നു കൊടുത്തു. "ജനോപകാരി" എന്ന പത്രത്തിൽ അദ്ദേഹം അക്കാലത്തെഴുതിയ ലേഖനങ്ങളും അതിന് സഹായകമായി ത്തീർന്നു. മക്തി തങ്ങളുടെ ഭാഷ, ഖഡ്ഗ തുല്യം ആഞ്ഞുവീശുന്ന ശൈലിയുൾക്കൊള്ളുന്നതായിരുന്നു. ഇത്രയും മൂർച്ചയേറിയ രീതിയിൽ ഖണ്ഡനപരവും മണ്ഡനപരവുമായി എഴുതാൻ സാധിച്ചിട്ടുള്ള ഒരു ലേഖകനെ ഇസ്‌ലാമിക മിഷനറി സാഹിത്യത്തിൽ മലയാള ഭാഷയിലൂടെ പരിചയപ്പെടാൻ പ്രയാസമാണ്. എഴുതുന്നതിനെക്കാൾ ദീപ്തിമത്തായ രീതിയിൽ പ്രസംഗിക്കുന്നതിലും അദ്ദേഹം പ്രഗത്ഭനായിരുന്നു. മക്തി തങ്ങളുടെ ചിന്താരീതിയിൽനിന്ന് കുറേക്കൂടി വ്യത്യസ്തമായ പരിഷ്കരണ സ്വഭാവത്തോടെ വക്കം അബ്ദുൽഖാദർമൗലവിയും കുറേക്കൂടി മുൻനിരയിൽനിന്ന് എഴുതാൻ തുടങ്ങി. മുസ്‌ലിം, അൽ ഇസ്‌ലാം, ദീപിക എന്നീ പത്രങ്ങൾ അതിന്നുദാഹരണമാണ്. സാഹസികനായ ഒരു പോരാളിയുടെ മനോധൈര്യത്തോടെ മൗലവി വിജ്ഞാന മണ്ഡലത്തിൽ വളരെക്കാലം അനിഷേധ്യനായ പൗരനായിരുന്നു. പിന്നീടുള്ള കാലഘട്ടങ്ങളിൽ അഭ്യസ്തവിദ്യരായ യുവാക്കളുടെ മുന്നേറ്റത്തിന്റെ കാലഘട്ടമാണ്. ദേശീയ സമരങ്ങൾ, ഖിലാഫത്ത് പ്രക്ഷോഭണം, ഇഖ്ബാലിന്റെ കാവ്യപ്രചോദനം, അലീ സഹോദരന്മാരുടെ നേതൃത്വം, മൗലാനാ ആസാദിന്റെ പുരോഗമനാത്മകമായ മതവീക്ഷണം ഇവയെല്ലാം കേരളത്തിലെ ഉൽപതിഷ്ണുക്കളായ ഒരു വലിയ വിഭാഗം മുസ്‌ലിംകളെ ആകർഷിച്ചു. കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലത്തിനിടക്ക് വളരെയേറെ പത്രങ്ങൾ ജനിക്കുകയും മരിക്കുകയുംചെയ്തു. ഈടുള്ള ഏതാനും ഗ്രന്ഥങ്ങളുടെ പരിഭാഷ, ഭാഷയിൽ വരികയും ചെയ്തു. പക്ഷെ, ശക്തമായ ഭാഷയിൽ മിഷനറി സ്പിരിറ്റോടെ മതസാഹിത്യം ഇനിയും വളരേണ്ടിയിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയും നദുവത്തെ മുജാഹിദീനും അഹമ്മദിയ്യാ വിഭാഗവും സമസ്തയും അവരുടേതായ വീക്ഷണങ്ങളിൽ മതസാഹിത്യ പ്രചാരണം നടത്തുന്നുണ്ട്. പക്ഷെ, ലോകവീക്ഷണം ഉൾക്കൊള്ളുന്ന സാഹിത്യം ശക്തമായ ഭാഷയിൽ വേണ്ടത്ര വളർന്നിട്ടുണ്ടെന്നു പറയാൻ സാധിക്കയില്ലെങ്കിലും ജമാഅത്തെ ഇസ്‌ലാമിയുടെ സാഹിത്യവിഭാഗം മിഷനറി സ്പിരിറ്റിൽതന്നെ അവരുടേതായ പങ്ക് വഹിക്കുന്നുണ്ടെന്ന് പറയാതെ നിർവാഹമില്ല. പൊതു സാഹിത്യ മേഖലയിൽ മുസ്‌ലിം കവികളും ലേഖകന്മാരും കഥാകൃത്തുക്കളും ഉണ്ടാകുന്നതിന് കാലാവസ്ഥ പ്രതികൂലമല്ല. പക്ഷെ, മതസാഹിത്യ ശാഖയിൽ മതത്തിന്റെ അന്തസ്സത്തയെ മാനിച്ചുകൊണ്ട് പ്രൗഢമായ സാഹിത്യ നിർമാണത്തിന് അത്രയധികം പേർ മുന്നോട്ടുവരുന്നില്ല. ഇതിന് ഒരു വ്യതിയാനം മലയാള ഭാഷയിൽ ആവശ്യമാണ്. മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യത്തെ സംബന്ധിച്ച് ഒരു തിസീസ് സമർപ്പിക്കുന്നതിന് ഒരു ഗവേഷണ വിദ്യാർത്ഥി മുന്നോട്ടു വന്നപ്പോഴാണ് ഭാഷയിലെ നമ്മുടെ മതസാഹിത്യസമ്പത്തിന്റെ അപര്യാപ്തത മനസ്സിലായത്. "ചന്ദ്രിക" , "പ്രബോധന" വും നമുക്കുള്ള മറ്റെല്ലാ പ്രസിദ്ധീകരണങ്ങളും ചെയ്യുന്ന സേവനം കണക്കിലെടുത്തുകൊണ്ടുതന്നെ ഈ പ്രശ്നത്തെപ്പറ്റി ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. ശാക്തിക പ്രചോദിതമായ വിചാരധാരയെ പ്രതിനിധാനം ചെയ്യുന്ന മതസാഹിത്യം വളർന്നു വരുന്നതുകൊണ്ട് മാത്രമേ ഈ അപൂർണത നികത്തപ്പെടുകയുള്ളൂ.

●